മിസ്റ്റർ പി. ഗോവിന്ദമേനോൻ: സാധാരണ കൃഷിക്കാരനു ചിലപ്പോൾ ഒരു പങ്കും ഉണ്ടായില്ലെന്നു വരാം.

Mr. K. S. Panicker *(Trichur-Ezhuvas):* On a point of order, Sir, this is question time, he is explaining.

Mr. P. Kumaran Ezuthassan *(Vadakkancheri):* He can do it, Sir, when he becomes the Deputy President which is going to be extinguished.

ഞാൻ എന്റെ ചോദ്യം ചോദിക്കാം. പക്ഷെ കർഷകനു, ആദായകരമായ ഈ നെല്ല വില്പനയിൽ, സാധുക്കളായ കൊച്ചി രാജ്യത്തെ ചെറിയ ചെറിയ കർഷകർക്ക് അതുകൊണ്ടു ഗുണമുണ്ടാകുമൊ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: സാധുക്കളായ കൃഷിക്കാരോടു നെല്ല തന്നെ വാങ്ങുന്നില്ല.

മിസ്റ്റർ പി. കുമാരനെഴുത്തഛൻ: അതല്ല എന്റെ ചോദ്യം. എക്കർ ഗുണം കിട്ടിയാൽ അതു ബിക്കും ഗുണമായിരിക്കുമൊ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ഏക്കർ ഗുണംകിട്ടിയാൽ അതു ബിക്കർ ഗുണമാകണമെന്നില്ല എന്നുള്ളതു സ്വതസിദ്ധമാണു.

മിസ്റ്റർ പി. കുമാരനെഴുത്തഛൻ: ആ 'സ്വതസിദ്ധം' വെച്ചുകൊണ്ടു ഞാൻ ചോദിക്കുന്നു, അങ്ങിനെ ഗുണമാകുന്നില്ല എന്നുള്ളതു ഇപ്പോൾ ഗവണ്മെണ്ടു സമ്മതിക്കുവാൻ ഒരുക്കമുണ്ടൊ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ഇല്ല. That is a matter of social policy.

മിസ്റ്റർ വി. ആർ. കൃഷ്ണനെഴുത്തഛൻ: ഒരു കർഷകനു ആകെ ഉണ്ടാകുന്ന Yield-ൽ നിന്നു അയാളുടെ കൃഷിക്കു വേണ്ടിവരുന്ന ചിലവു നീക്കുന്നതിനു മുമ്പുതന്നെ പാട്ടംകൊടുക്കണമെന്നുള്ളതായി ഒരു വ്യവസ്ഥയുണ്ടൊ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: പാട്ടം കൊടുക്കണം. അതു ആദ്യം കൊടുക്കേണ്ടതാണു.

മിസ്റ്റർ വി. ആർ. കൃഷ്ണനെഴുത്തഛൻ: കഷ്കന്റെ ചിലവു കഴിച്ചു ബാക്കിയാണെ പാട്ടം കൊടുക്കേണ്ടതു?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: കഷ്കൻ നഷ്ടപ്പെട്ടാലും പാട്ടം കൊടുക്കണമെന്നുള്ളതാണു നിയമം. ഇതു ഞാൻ പറയേണ്ട ഒരുത്തരമല്ല. എങ്കിലും പറഞ്ഞുവെന്നു മാത്രമേയുള്ളു.

മിസ്റ്റർ വി. ആർ. കൃഷ്ണനെഴുത്തഛൻ: കൃഷി നഷ്ടപ്പെട്ടാലും പാട്ടം കൊടുക്കണമെന്നു ഗവണ്മെണ്ടു നിർബ്ബന്ധിച്ചിട്ടുണ്ടൊ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ഗവണ്മെണ്ടു നിർബ്ബന്ധിച്ചിട്ടുണ്ടെന്നു ഞാൻ വിചാരിക്കുന്നില്ല. ഞാൻ പറയുന്നതു ഒരു പക്ഷെ തെറ്റായിരിക്കാം.

മിസ്റ്റർ വി. ആർ. കൃഷ്ണനെഴുത്തഛൻ: ഫ 0 0 പറ നെല്ലു പാട്ടം കൊടുക്കണമെങ്കിൽ ആ കർഷകനു ആ നെല്ലും അയാളുടെ ചിലവിനുള്ള വകയും കിട്ടണം. ചിലപ്പോൾ ആ ഫ 0 0 പറ നെല്ലുതന്നെ ഉണ്ടായില്ലെന്നു വരും. എന്നാലും പാട്ടം കൊടുക്കാൻ നിർബ്ബന്ധിച്ചതായി അറിവുണ്ടു. അതാണു ഞാൻ ചോദിച്ചതു, പാട്ടം പിരിച്ചു കൊടുക്കാൻ നിയമം നിർദ്ദേശിക്കുന്നുണ്ടൊ എന്നു.

മിസ്റ്റർ പി. ഗോവിന്ദമേനോൻ: പാട്ടം പിരിക്കുന്ന കാര്യത്തിൽ ഒരു നിർബ്ബന്ധവും ചെയ്തു വരുന്നില്ലെന്നാണു എന്റെ അറിവു.

ASSAULT ON A BOY BY AN EXCISE PEON

332. Mr. M. K. Raja *(Mulakunnathukavu):* Will Government be pleased to state.—

(*a*) whether they had received any complaint to the effect that one Kuriappan, a boy of 19, was assaulted on the 29th of October last by an Excise peon of Pazhanji;

(*b*) whether any enquiry has been held in the matter;

(*c*) if so, with what result?

Rao Bahadur T. K. Nayar *(Minister for Public Health):*

(*a*) Yes. A telegram from Kuriappan and a petition from Kunjayi mother of Kuriappan were received.

LIBRARY ARCHIVES Kerala Legislative Assembly

(*b*) Yes.

(*c*) It was found to be a false allegation made at the instance of one Kottil Verghese.

മിസ്റ്റർ പി. കുമാരനെഴുത്തശ്ശൻ: സർ, ഇതിൽ പറയുന്ന.....

Mr. M. K. Raja *(Mulakunnathukavu)*: May I rise on a point of order?

സർ, ഏതെങ്കിലും ഒരു മെമ്പർ ഒരു ചോദ്യം ചോദിച്ചു കഴിയുമ്പോഴെക്കും ആ ചോദിക്കുന്ന മെമ്പർക്കു സപ്ലിമെൻറിറി ചോദിക്കാനുള്ള അവകാശം നിഷേധിക്കുമാറ് മറൊരു മെമ്പർ അതിന്മേൽ പൊത്തിപ്പിടിക്കുന്ന സമ്പ്രദായം പ്രസിഡണ്ടു തടയണമെന്നു് അപേക്ഷയുണ്ടു്.

Mr. P. Kumaran Ezhuthassan *(Vadakkancheri)*: Sir, I also pray for such a ruling (*laughter*).

Mr. President: He did not ask for a ruling; he made only a suggestion.

Mr. P. Kumaran Ezhuthassan *(Vadakkancheri)*: I therefore continue my question.

മിസ്റ്റർ പി. കുമാരനെഴുത്തശ്ശൻ: അതിൽ പറയുന്ന സംഗതികൾ അവാസ്തവമാണെന്നു പറഞ്ഞു. ഏതെങ്കിലും ഒരു സംഗതിയെപ്പറ്റി, ഒരുടെയെങ്കിലും അഴിമതികളെ കുറിച്ചു്, ഒരു ഹർജി കിട്ടിയാൽ അതിനെക്കുറിച്ചു് അന്വേഷിച്ചിട്ടു് ഗവൺമെണ്ടു മറുപടി പറയുന്നതിൽ ഒരു പത്തു ശതമാനമെങ്കിലും വാസ്തവമാണെന്നു തെളിഞ്ഞതായി മന്ത്രിയുടെ അനുഭവത്തിൽ ഉണ്ടായിട്ടുണ്ടോ?

റാവു ബഹദൂർ ടി. കെ. നായർ: എന്റെ അനുഭവത്തിൽ തന്നെ അങ്ങിനെ അന്വേഷണം നടത്തീട്ടു് ആക്ഷേപം ശരിയാണെന്നു തെളിഞ്ഞിട്ടുണ്ടു്. അവരെ ശിക്ഷിച്ചിട്ടുണ്ടു്.

Mr. M. K. Raja *(Mulakunnathukavu)*: May I know, Sir, who conducted the enquiry into this particular allegation?

Rao Bahadur T. K. Nayar *(Minister for Public Health)*: It must have been the Circle Inspecter of Excise.

Mr. M. K. Raja *(Mulakunnathukavu)*: Will the Government kindly inform the House how this Kottil Verghese at whose instance this allegation is alleged to have been made is interested in this case according to the result of the enquiry?

റാവു ബഹദൂർ ടി. കെ. നായർ: ഇതിൽ തല്ലി എന്നു പറയുന്ന ആൾ കൊട്ടിൽ വർഗ്ഗീസു് എന്ന അടയ്ക്കാകച്ചവടക്കാരന്റെ അടുക്കൽ നില്ക്കുന്ന ആളാണു്. എനിക്കു കിട്ടിയ വിവരങ്ങളാണു ഞാൻ പറയുന്നതു്.

ഈ ആളെ ഒരു ട്രാൻസ്പോർട്ടു പെർമിറ്റു് മേടിക്കാനായി എക്സൈസ് ഇൻസ്പെക്ടരുടെ ആഫീസ്സിലേയ്ക്കയച്ചു. അവിടെ ചെന്നു പെർമിറ്റു് പുസ്തകം ചോദിച്ചു. എന്നാൽ ഈ ആളുടെകൈയിലുള്ള പുസ്തകത്തിൽ ഫ്രീ ടിക്കറ്റുകൾ കൂടിയുണ്ടായിരുന്നു. അതു് അവിടത്തെ എക്സൈസ്പൂൺ കണ്ടു് ഇൻസ്പെക്ടരോടു പറഞ്ഞു "സാറെ ഫ്രീ ടിക്കറ്റുകൂടി പുസ്തകത്തിലുണ്ടു്, അതുകഴിഞ്ഞിട്ടു വേറെ പുസ്തകം കൊടുത്താൽ മതി" എന്നു്. ഈ വിവരം കൂടിയപ്പൻ ചെന്നു വർഗ്ഗീസിനോടു പറഞ്ഞപ്പോൾ ഉടനെ അയാൾ അഞ്ചു രൂപാകൂടി കൊടുത്തിട്ടു ഇൻസ്പെക്ടരാഫീസ്സിൽ പോയി വേണ്ടതുപോലെ ചെയ്തു പുസ്തകം മേടിച്ചുകൊണ്ടുവരാൻ പറഞ്ഞു. അയാൾ രൂപയും കൊണ്ടു വീണ്ടും വന്നു. ഇൻസ്പെക്ടർ ഈ വിവരം അറിഞ്ഞു അയാളോടു കടന്നു പുറത്തുപോകാൻ പറഞ്ഞു. എക്സൈസ്പൂൺ കാരണമല്ലെ ഇതൊക്കെ സംഭവിച്ചതെന്നുള്ള ദ്വേഷ്യംകൊണ്ടു് അയാളെ കുഴപ്പത്തിലാക്കാനായിട്ടാണു് ഇങ്ങിനെ തല്ലി എന്നുള്ള ഹർജി അയച്ചതെന്നാണു് അതിനെക്കുറിച്ചുള്ള അന്വേഷണ റിപ്പോർട്ടുകൊണ്ടു മനസ്സിലാകുന്നതു്.

മിസ്റ്റർ എം. കെ. രാജാ: തല്ലുകൊണ്ടു എന്നു പറയുന്ന ആ കുട്ടിയെ കുന്നംകുളം ആശുപത്രിയിൽ പിറ്റെ ദിവസം ചികിത്സിച്ചുവെന്നുള്ളതു വാസ്തവമാണൊ?

റാവു ബഹദൂർ ടി. കെ. നായർ: അതിനെ സംബന്ധിച്ചു ഡോക്ടരുടെ റിപ്പോർട്ടുണ്ടു്. അതിൽ തല്ലുകൊണ്ടിട്ടുള്ളതായൊന്നും പറയുന്നില്ല. കണ്ണിനു സുഖം ചുമപ്പുണ്ടു്, അതു ചെങ്കണ്ണാണെന്നാണു മനസ്സിലാകുന്നതു്.

മിസ്റ്റർ എം. കെ. രാജാ: ആ കുട്ടിയുടെ പക്കൽനിന്നു വല്ല സ്റ്റേറ്റുമെൻറും മേടിച്ചിട്ടുണ്ടൊ?

റാവു ബഹദൂർ ടി. കെ. നായർ: ഉണ്ടു്. ആ കുട്ടിമാത്രം തല്ലി എന്നു പറയുന്നുണ്ടു്. ബാക്കിയുള്ള തെളിവുകൾകൊണ്ടൊക്കെ തല്ലിയെന്നു പറയുന്നതു കളവാണെന്നാണു മനസ്സിലാകുന്നതു്.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ എം. കെ. രാജാ: വാസ്തവത്തിൽ എന്താണുണ്ടായതെന്നു് ആ കുട്ടിയോടു് അന്വേഷിച്ചിട്ടുണ്ടോ?

റാവു ബഹദൂർ ടി. കെ. നായർ: അന്വേഷിച്ചിട്ടാണു പറയുന്നതു്.

മിസ്സിസ് കെ. എം. ആർ. മേനോൻ: ചെങ്കണ്ണു ചികിത്സിക്കാൻ സാധാരണ ആശുപത്രിയിൽ കിടത്താറുണ്ടോ?

റാവു ബഹദൂർ ടി. കെ. നായർ: ആശുപത്രിയിൽ കിടത്തിയിട്ടില്ല.

മിസ്റ്റർ പാറമേൽ ഐപ്പ് ഐപ്പ്: ആദ്യം ഡോക്ടർ കൊടുത്ത സർട്ടിഫിക്കറ്റിൽ ചെങ്കണ്ണാണെന്നു് എഴുതിയിട്ടുണ്ടോ?

റാവു ബഹദൂർ ടി. കെ. നായർ: എന്നു പറഞ്ഞിട്ടില്ല.

മിസ്റ്റർ പാറമേൽ ഐപ്പു ഐപ്പ്: മെഡിക്കൽ പരിശോധന കഴിച്ചു കൊടുക്കുന്ന സർട്ടിഫിക്കറ്റിൽ "injuries found due to assualt" എന്ന ഒരു കോളമുണ്ടു്. അതിലെന്താണു എഴുതിയിട്ടുള്ളതു്?

റാവു ബഹദൂർ ടി. കെ. നായർ: അതുപറയണമെങ്കിൽ നോട്ടീസു് വേണം. കിട്ടിയിട്ടുള്ള റിപ്പോർട്ടു ഇവിടെ വായിക്കാം.

This is to certify that Kuriappen s/o Chacko, Mangad, was examined by me to-day at 3 p. m. The conjective of his right eye is deeply congested.

മിസ്റ്റർ പി. കുമാരനെഴത്തശ്ശൻ: സർട്ടിഫിക്കറ്റിൽ എന്നു മുതൽക്കാണു ഈ ചെങ്കണ്ണു തുടങ്ങിയിട്ടുള്ളതെന്നു പറഞ്ഞിട്ടുണ്ടോ?

റാവു ബഹദൂർ ടി. കെ. നായർ: ഇല്ല.

മിസ്റ്റർ പി. കുമാരനെഴത്തശ്ശൻ: അടിയും ചെങ്കണ്ണുമായിട്ടു വല്ല ബന്ധവുമുണ്ടോ?

റാവു ബഹദൂർ ടി. കെ. നായർ: എനിക്കതൊന്നും അറിഞ്ഞുകൂടാ. സർട്ടിഫിക്കറ്റിലുള്ള കാര്യമാണു ഞാൻ പറഞ്ഞതു്. അതിൽ ചെങ്കണ്ണാണെന്നും പറഞ്ഞിട്ടില്ല. congested എന്നെഴുതിയിട്ടുണ്ടു്. അതുകൊണ്ടു ചെങ്കണ്ണാണെന്നു മനസ്സിലാക്കിയതാണു്.

മിസ്റ്റർ വി. ആർ. കൃഷ്ണനെഴത്തശ്ശൻ: Congested എന്നു പറഞ്ഞാൽ ചെങ്കണ്ണാകണമെന്നുണ്ടോ; അടികൊണ്ടും കണ്ണു കലങ്ങാറുണ്ടു?

റാവു ബഹദൂർ ടി. കെ. നായർ: അവരുടെ സർട്ടിഫിക്കറ്റിൽ Congested എന്നു പറഞ്ഞിട്ടുണ്ടു്. അതു് അടികൊണ്ടും ആകാം സുഖക്കേടുകൊണ്ടും ആകാം.

മിസ്റ്റർ പാറമേൽ ഐപ്പ് ഐപ്പ്: ആരുടെ ആവശ്യപ്രകാരമാണു് മെഡിക്കൽ സർട്ടിഫിക്കറ്റു കിട്ടിയതു്? എൻകയറി നടത്തിയ ആഫീസരുടെ ആവശ്യപ്രകാരമാണോ?

റാവു ബഹദൂർ ടി. കെ. നായർ: എൻകയറിനടത്തിയ ആഫീസരുടെ ആവശ്യപ്രകാരമല്ല.

മിസ്റ്റർ കെ. ഐ. വേലായുധൻ: ഏതുകണ്ണിനാണു് സുഖക്കേടു്?

റാവു ബഹദൂർ ടി. കെ. നായർ: വലത്തേക്കണ്ണിന്നു്.

മിസ്റ്റർ പാറമേൽ ഐപ്പ് ഐപ്പ്: ഈ മെഡിക്കൽ സർട്ടിഫിക്കറ്റു് ഇഷ്യുചെയ്ത ഡോക്ടറോടു അതിനെപ്പറ്റി റഫർ ചെയ്തിട്ടുണ്ടോ?

റാവു ബഹദൂർ ടി. കെ. നായർ: സൂക്ഷ്മംപറയാൻ നിവൃത്തിയില്ല.

മിസ്റ്റർ വി. ആർ. കൃഷ്ണനെഴത്തശ്ശൻ: ഈ സർട്ടിഫിക്കറ്റിൽ ചെങ്കണ്ണിനേ ഉദ്ദേശിച്ചാണു് പറഞ്ഞിരിക്കുന്നതു് എന്നു് ഗവൺമെണ്ടു് എങ്ങിനെയാണു് തീരുമാനിച്ചതു്?

റാവുബഹദൂർ ടി. കെ. നായർ: ഗവൺമെണ്ടിൽനിന്നു് അതിനെപ്പറ്റി അന്വേഷണം നടത്തി. അതിൽ ആ കുട്ടിയുടെ സ്റ്റേറ്റുമെൻറ് ഒഴിച്ചു് ബാക്കിയുള്ള തെളിവുകൾകൊണ്ടു് അങ്ങിനെ ഒരു സംഭവമുണ്ടായതായി പറഞ്ഞിരിക്കുന്നതു കളവാണെന്നാണു് മനസ്സിലാകുന്നതു്. അതുകൊണ്ടാണു് കണ്ണിൽ കേടാണെന്നു്—അടികൊണ്ടിട്ടല്ല—തീരുമാനിച്ചതു്.

മിസ്റ്റർ പി. കുമാരനെഴത്തശ്ശൻ: ഈ ആക്ഷേപ ഹർജിയുണ്ടല്ലോ—കുട്ടിയുടെ കയ്യിയും അമ്മയുടെ ഹരജിയും—അതിൽ അടിച്ചതു് ഏതുഭാഗത്താണെന്നു പറഞ്ഞിട്ടുണ്ടോ?

റാവു ബഹദൂർ ടി. കെ. നായർ: ഹർജി ഇപ്പോൾ എന്റെ കയ്യിലില്ല.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ പാറമേൽ ഐപ്പ് ഐപ്പ്: സംഭവം ഉണ്ടായി എന്നു പറയുന്ന സ്ഥലത്തുള്ള താമസക്കാരോടു് അന്വേഷണം നടത്തിയതായി റിപ്പോർട്ടിലുണ്ടോ?

റാവു ബഹദൂർ ടി. കെ. നായർ: ഒരു സംഗതി ഈ ഹൌസ്സിന്റെ മുമ്പാകെ പറയാനുണ്ടു്. ഈ സംഗതിയെക്കുറിച്ചുള്ള അന്വേഷണം ശരിയല്ലെന്നും അന്വേഷണ റിപ്പോർട്ടു കളവാണെന്നുമുള്ള ഒരു വിശ്വാസം ഇതിനെ സംബന്ധിച്ചു് ഈ സഭയുടെ നാനാ ഭാഗങ്ങളിൽ നിന്നും വന്ന ചോദ്യങ്ങളിൽ നിന്നു, ആ മെമ്പർമാർക്കുണ്ടെന്നു കാണുന്നതുകൊണ്ടു് ഇതിനെ സംബന്ധിച്ചു് ഒരു Fresh ആയ അന്വേഷണം നടത്തിക്കാം എന്നു പറഞ്ഞുകൊള്ളുന്നു.

മിസ്റ്റർ കെ. ഐ. വേലായുധൻ: ഈ അന്വേഷണം നടത്താൻ പോകുന്നതു് മുമ്പു് അന്വേഷണം നടത്തിയ ഉദ്യോഗസ്ഥനെക്കൊണ്ടുതന്നെയാണോ?

റാവു ബഹദൂർ ടി. കെ. നായർ: അങ്ങിനെ ഈ കൌൺസിലിലെ ബഹുമാനപ്പെട്ട മെമ്പർമാർ ആരെങ്കിലും വിചാരിക്കുമെന്നു് ഞാൻ ഉദ്ദേശിക്കുന്നില്ല.

മിസ്റ്റർ പി. കെ. ഡിവർ: അന്വേഷണം ശരിയായിരുന്നില്ലെന്നു് ഏതെങ്കിലും മെമ്പർക്കു് അപേക്ഷപത്രമുള്ളതായി ഗവണ്മെണ്ടിനു ബോദ്ധ്യം വന്നിട്ടുണ്ടോ?

റാവു ബഹദൂർ ടി. കെ. നായർ. ചില മെമ്പർമാരുടെ ചോദ്യങ്ങളിൽനിന്നു് അങ്ങിനെ ബോദ്ധ്യം വന്നിട്ടുണ്ടു്.

മിസ്റ്റർ പി. കെ. ഡിവർ: അതു് ആക്ഷേപം കേൾക്കുന്നതു ശരിയാണോ അടിസ്ഥാനരഹിതമാണോ എന്നറിയാൻവേണ്ടി മാത്രം ചോദിക്കുന്നതാണെന്നു് ഗവണ്മെണ്ടിനു് വിചാരിക്കാമോ?

റാവു ബഹദൂർ ടി. കെ. നായർ: അടിസ്ഥാനരഹിതമായിട്ടാണു് അങ്ങിനെ ചോദിക്കുന്നതെങ്കിൽത്തന്നെയും അതിനെ സംബന്ധിച്ചു് പൊതുജനങ്ങളുടെ ഇടയിലുണ്ടാകുന്ന തെറ്റിദ്ധാരണ നീക്കുന്നായം ഗവണ്മെൻറു് ഉദ്യോഗസ്ഥന്മാരുടെ സത്യസന്ധത തെളിയിക്കാനുമായി രണ്ടാമതു് ഒരന്വേഷണം നടത്തിക്കാൻ ഗവണ്മെണ്ടു് തയ്യാറാണു്.

SUPPLY OF OIL CAKE MANURE TO AGRICULTURISTS

333. **Mr. V. R. Krishnan Ezhuthassan** *(Oorakam):* Will Government be pleased to state.—

(*a*) how much oil cake manure has been supplied to agriculturists during the years 1121 and 1122 and at what rate;

(*b*) what was the subsidy allowed on the use of manure during these years?

Mr. C. R. Iyyunni *(Minister for Revenue):*

(*a*) Quantity of G. N. cake supplied — Rate

1121: 3,892½ tons.	..	Rs. 110 to
	..	155 per ton
1122: (till the end of Dhanu) 1,043 tons	..	162/8 to
	..	180 per ton

(*b*) The subsidy allowed was 25 per cent till 25th Kumbham 1121. From 25th Kumbham 1121 it was raised to 50 per cent and very soon to 75 per cent if the manure purchased was for application to food grains and vegetables. 75 per cent subsidy was given for manures used for kole crop for a period of three weeks in Kumbham 1121. This 75 per cent subsidy lasted till 23rd Chingam 1122. Thereafter only 25 per cent subsidy was allowed till 7th Vrischigam 1122 when it was raised to 50 per cent. This concession is now allowed on the sale of manures for paddy alone and not for other crops.

മിസ്റ്റർ വി. ആർ. കൃഷ്ണനെഴുത്തച്ഛൻ: A എന്ന മറുപടിയിൽ പറഞ്ഞിരിക്കുന്ന കണക്കനുസരിച്ചു് നോക്കുമ്പോൾ ൧൯൨൨—ൽ ൧൯൨൨ നെ അപേക്ഷിച്ചു് കുറച്ചു വളരെ ചിലവായിട്ടുള്ളു എന്നു് അനുമാനിക്കുന്നതിൽ തെറ്റുണ്ടോ?

മിസ്റ്റർ സി. ആർ. ഇയ്യുന്നി: അതിനെക്കുറിച്ചു ശരിയായി പറയാൻ നിവൃത്തിയില്ല. ധനുവരെ ൧, ൦ ൽ൫ ടൺ ചിലവായിട്ടുണ്ടെന്നു് കണക്കുകൊണ്ടു് കാണാം.

മിസ്റ്റർ വി. ആർ. കൃഷ്ണനെഴുത്തച്ഛൻ: ശരിയായ കണക്കുവെച്ചു് നോക്കിയാൽ ൧, ൦൫ ൦ ടൺ ചിലവാകണം. അതു് ൧, ൦ ൽ൫ ടൺ മാത്രമായി കുറഞ്ഞതു് ഈ സബ്സിഡി കുറച്ചതുകൊണ്ടല്ലെ?

LIBRARY ARCHIVES Kerala Legislative Assembly